(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവർത്തന ചെലവ് വഹിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.

(ബി) ഉണ്ട്.

(സി) പ്രസ്തുത ഉത്തരവിന്റെ കോപ്പി അനുബന്ധമായി കൊടുത്തിരിക്കുന്നു.†

കെ.ഡബ്ല്യു.എ.-യിൽ കമ്പ്യൂട്ടറൈസേഷൻ

64 [1862] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡബ്ല്യു.എ.-യിൽ ഇതുവരെ എത്ര കോടി രൂപയുടെ കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇനി എത്ര കമ്പ്യൂട്ടർ വാങ്ങിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിന് ഉദ്ദേശിക്കുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കെ.ഡബ്ല്യു.എ.-ക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് കെ.ഡബ്ല്യു.എ. ജീവനക്കാരല്ലാത്ത എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 499 ലക്ഷം രൂപ വാട്ടർ അതോറിറ്റി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) കേരളാ വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷൻ തലം വരെ കമ്പ്യൂട്ടർ നൽകുന്നതിനും ഗ്രാമീണ മേഖലയിലെ റവന്യൂ വിഭാഗം കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ആഫീസുകളിൽ കമ്പ്യൂട്ടർ നൽകുന്നതിനും തിരുവനന്തപുരത്ത് കേന്ദ്രീകൃത ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനും മറ്റുമായി 326 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം അനുവദിയ്ക്കപ്പെടുന്ന തുകയ്ക്കുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ ഉദ്ദേശിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പ്യൂട്ടറൈസേഷൻ മുഖേന കേരളാ വാട്ടർ അതോറിറ്റിക്ക് നഷ്ടം ഉണ്ടായിട്ടില്ല. കേരളാ വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം പിരിക്കുന്ന പ്രധാനപ്പെട്ട 27 റവന്യൂ ആഫീസുകൾ കമ്പ്യൂട്ടർ വൽക്കരിച്ചതിലൂടെ വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാനും സാധിച്ചിട്ടുണ്ട്.

(ഡി) കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ പ്രധാനപ്പെട്ട റവന്യൂ സെന്ററുകളിൽ സോഫ്റ്റ്വെയർ സപ്പോർട്ടിനായി ER & DCI (CDAC)-യുമായുള്ള കരാറനുസരിച്ച് അവരുടെ 5 സോഫ്റ്റ്വെയർ വിദഗ്ദ്ധർ വാട്ടർ അതോറിറ്റി ജീവനക്കാർക്കു പുറമെ ജോലി ചെയ്തുവരുന്നു.

വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർന്മാരുടെ നിയമനം

65 [1864] ശ്രീ. കെ. എൻ. എ. ഖാദർ:

„ സി. മോയിൻകുട്ടി:

„ പി. കെ. അബ്ദുറബ്ബ്:

„ ടി. പി. എം. സാഹിർ:

„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർമാരുടെ സ്ഥിരം ഒഴിവുകളിൽ എത്ര എണ്ണം നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിച്ചു;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നപ്പോൾ ഉള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നിയമന നിരോധനം പിൻവലിച്ച് ഓപ്പറേറ്റർന്മാരുടെ നിയമനം നടത്തുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) 100 പേരെ നിയമിച്ചു.

(ബി) ജല അതോറിറ്റിയുടെ പുനഃസംഘടന നിർദ്ദേശവും 1050 വാട്ടർ സപ്ലൈ സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറാനുള്ള തീരുമാനവും നടപ്പിലാക്കി കഴിഞ്ഞാൽ മാത്രമേ ഒഴിവുകൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

(സി) ജല അതോറിറ്റിയിൽ നിയമന നിരോധനം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly